

ലാൽഗഡിലെ
സൈനികസന്നാഹം

# മെരുക്കിയെടുക്കൽ ആദ്യം

**സൈന്യത്തിലെ കോബ്രാ വിഭാഗത്തിന് പരിശീലനകേന്ദ്രം സ്ഥാപിക്കാൻ സൗജന്യമായി ഭൂമി നൽകിയ പശ്ചിമബംഗാൾ സർക്കാർ ആ ഭൂമി ആദിവാസികൾക്ക് നൽകുന്നതിനെപ്പറ്റി എന്തുകൊണ്ട് ചിന്തിച്ചില്ല?**

**■ അശോക് മിത്ര/ പരിഭാഷ: പി. എസ്. മനോജ്കുമാർ**

സൈന്യത്തിലെ ഏറ്റവും വിലപിടിപ്പുള്ള വിഭാഗമാണ് പ്രത്യേക സുരക്ഷാവിഭാഗം. അതിലെ കോബ്ര യൂണിറ്റാവട്ടെ അതിലും വിലപിടിപ്പുള്ള സേനാവിഭാഗമാണ്. കോബ്രാ വിഭാഗത്തിന്റെ ഒരു പരിശീലന കേന്ദ്രം പശ്ചിമബംഗാളിൽ തുടങ്ങാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമായാണ് സംസ്ഥാന സർക്കാർ കണക്കാക്കുന്നത്. ഈ പുതിയ പരിശീലനകേന്ദ്രം, രാജ്യത്തെ ഇത്തരത്തിലുള്ള രണ്ടാമത്തെതാണ്. ഭീകരവാദികളെ വേട്ടയാടുന്നതിനായി രൂപീകരിക്കുന്ന ഈ കേന്ദ്രത്തിനു മറ്റൊരു പ്രത്യേകത കൂടി ഉണ്ട്. അതു ഈ കേന്ദ്രം സ്ഥാപിക്കപ്പെടുന്ന സ്ഥലത്തിന്റെ പ്രത്യേകത കൂടിയാണ്. ലാൽഗഡ് പ്രദേശത്തിന്റെ കേന്ദ്രമായ സാൽബോണിയിലാണ് ഇത് സ്ഥാപിക്കപ്പെടുന്നത്. ഇത് മാവോയിസ്റ്റുകളുടെ ശക്തി കേന്ദ്രമാണ്. വളരെ ഉദാരമായി, നൂറ്റിയൻപതു ഏക്കർ കൃഷിഭൂമി ഈ കേന്ദ്രത്തിന്റെ സ്ഥാപനത്തിനായി സംസ്ഥാന സർക്കാർ വിട്ടുകൊടുത്തിരിക്കുന്നു. സൈന്യത്തിന് ഒരു തരത്തിലുള്ള സാമ്പത്തിക ബാധ്യതകളും വരുത്താതെ, വെറുതെയാണ് ഭൂമി നൽകിയിട്ടുള്ളത്.

ഒരുകാലത്ത്, സാമ്പത്തിക ശാസ്ത്രജ്ഞർ 'സാഹചര്യ വില' എന്ന് വിളിക്കപ്പെട്ട ഒരു തത്ത്വത്തെ ചുറ്റിപ്പറ്റി തമാശകൾ പറയുമായിരുന്നു. വിഭവങ്ങൾ പരിമിതമാണ്. 'എക്സ്' എന്ന ഒരുല്പന്നം ഉല്പാദിപ്പിക്കുന്നതിന്, ഒരു നിശ്ചിത അളവിൽ വിഭവങ്ങൾ വേണമെന്നിരിക്കട്ടെ, ഇതേ വിഭവങ്ങൾ

സാധ്യമായ മറ്റു തരങ്ങളിൽ ഉപയോഗിക്കാവുന്നതാണ്. അവർക്ക് 'വൈ' എന്ന ഒരുല്പന്നം ഉല്പാദിപ്പിക്കാവുന്നതാണ്. തന്നിരിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച്, രണ്ട് ഉല്പന്നങ്ങളും ഉണ്ടാക്കാൻ സാധിക്കുകയില്ല. 'എക്സ്' എന്ന വിഭാവം ഉണ്ടാക്കാൻ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കുമ്പോൾ, 'വൈ' എന്ന വിഭവം ഉല്പാദിപ്പിക്കാനുള്ള അവസരമാണ് നഷ്ടമാവുന്നത്. അതാണ് 'എക്സി'ന്റെ സാഹചര്യ വിലയാവുന്നത്.

സാമ്പത്തിക ശാസ്ത്രജ്ഞർ പെട്ടെന്ന് മടുപ്പ് തോന്നുന്നവരാണ്. സാഹചര്യവില എന്നതിൽ ഭൂമി കുലുക്കാൻ മാത്രമായി ഒന്നും തന്നെ ഇല്ലെന്നു അവർ പെട്ടെന്ന് തിരിച്ചറിഞ്ഞു. അതിന്റെ ഭാവനാശൂന്യതയെ ഒഴിവാക്കിയാലും അവർക്ക് നിലനിൽക്കാമെന്നു അവർ തിരിച്ചറിഞ്ഞു. ഏതാണ്ട് മൃതപ്രായമായ ഈ സിദ്ധാന്തത്തിനു, മാവോവാദബാധിത പ്രദേശങ്ങളിൽ കോബ്രാ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വീണ്ടും പ്രസക്തി ലഭിച്ചിരിക്കുന്നു. സാൽബോണിയിൽ കോബ്രയുടെ ഒരു ഘടകം സ്ഥാപിക്കാനായി നൂറ്റൻപത് ഏക്കർ ഭൂമി നൽകുമ്പോൾ, അതിന്റെ സാഹചര്യ വില എന്തെന്ന് പരിശോധിക്കേണ്ടതാണ്. സൈന്യത്തിന് ഭൂമി സമ്മാനിക്കുന്നതിലൂടെ ഉപേക്ഷിക്കപ്പെട്ട സാധ്യതകളുടെ ഒരു നിരയെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

## ഉപേക്ഷിക്കപ്പെട്ട സാധ്യതകൾ

ഇതേ ഭൂമി, ആദിവാസി യുവാക്കൾക്ക് വ്യാവസായിക പരിജ്ഞാനം ഉണ്ടാക്കുന്നതിനുള്ള പരിശീലന സ്ഥാപനം ആരംഭിക്കാൻ ഉപയോഗിക്കാമായിരുന്നു. വാരൽ ഭൂമി കൃഷിയുമായി ബന്ധപ്പെട്ട പരീക്ഷണ വിത്തിറക്കൽ നടത്താൻ ഈ ഭൂമി ഉപയോഗിക്കാമായിരുന്നു. അല്ലെങ്കിൽ കൂട്ടുകൃഷി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ പ്രയോഗിക്കാൻ ഈ ഭൂമി ഉപയോഗിക്കാമായിരുന്നു. അതിന്റെ ഉടമസ്ഥാവകാശം എഴുപത്തിയഞ്ച് ആദിവാസി കുടുംബങ്ങൾക്ക് കൈമാറ്റം ചെയ്തുകൊണ്ട് ഇത്തരം കൂട്ടുകൃഷി പദ്ധതികൾ പരീക്ഷിക്കാവുന്നതായിരുന്നു. സംയുക്തമായി കൃഷി ചെയ്യാമെന്ന വ്യവസ്ഥയിൽ, ഈ ഭൂമി അത്രയും ആദിവാസി കുടുംബങ്ങൾക്ക് കൊടുത്തിരുന്നെങ്കിൽ, ഓരോ ആദിവാസി കുടുംബത്തിനും രണ്ട് ഏക്കർ ഭൂമി വീതം കൊടുക്കാൻ സാധിക്കുമായിരുന്നു. അതുമല്ലെങ്കിൽ നൂറ്റൻപത് ഏക്കർ ഭൂമി ഗോത്ര സംസ്കാരത്തെക്കുറിച്ച് പഠനങ്ങൾ നടത്തുന്നതിനുള്ള ഒരു ഗവേഷണകേന്ദ്രം ആരംഭിക്കാൻ ഉപയോഗിക്കാവുന്നതായിരുന്നു. അതിനു ഒരു സാംസ്കാരിക സർവകലാശാലയുടെ പദവി നൽകുകയും അവിടെ ആദിവാസികളുടെ നൃത്തം, സംഗീതം, ചിത്രകല, കുടിൽ നിർമ്മാണം, ഉപകരണ നിർമ്മാണം, കളിമൺപാത്ര നിർമ്മാണം, ടെറാകോട്ട തുടങ്ങിയ മേഖലകളിൽ സവിശേഷ പരിശീലനം നൽകുകയും ചെയ്യാമായിരുന്നു. ഇതിനോടനുബന്ധിച്ചു, ഒരു ലൈബ്രറിയും വിദ്യാർത്ഥികൾക്കായി ഒരു ഹോസ്റ്റലും, സന്ദർശകരായ പണ്ഡിതന്മാർക്ക് താമസസൗകര്യങ്ങളും ഒരുക്കാമായിരുന്നു. ഭാവനയെ തുറന്നുവിടുകയായിരുന്നെങ്കിൽ, ഒരു കായിക സമുച്ചയം രൂപപ്പെടുത്താൻ ഇതേ ഭൂമി ഉപയോഗപ്പെടുത്താമായിരുന്നു. അതിൽ ഒരു സ്റ്റേഡിയം പണികഴിപ്പിക്കുകയും അവിടെ പരമ്പരാഗത രീതിയിലുള്ള കായിക വിനോദങ്ങളെയും പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കാമായിരുന്നു.

സമീപ പ്രദേശങ്ങളിലെ വികസനത്തിന്റെ പ്രോത്സാഹനവുമായി ബന്ധപ്പെടുത്തി, ഭൂമി ദാനം ചെയ്യുന്നതിനെ വിലയിരുത്തുമ്പോൾ, കോബ്രാ പരിശീലന കേന്ദ്രത്തിന്റെ സാഹചര്യ വില ഒട്ടനേകം കാര്യങ്ങൾ ഉൾപ്പെട്ട ഒന്നാണ്. ഒരു വ്യാവസായിക പരിശീലനകേന്ദ്രം, കാർഷിക ഗവേഷണ സ്ഥാപനം, ഗോത്ര പഠനങ്ങൾക്കായുള്ള ഒരു സർവകലാശാല, ഒരു കായിക പരിശീലന സമുച്ചയം, അങ്ങനെ ഉപേക്ഷിക്കപ്പെട്ടവയുടെ നിര നീണ്ടതാണ്. ഇത്തരം അനേക സാധ്യതകളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്താൻ ജനങ്ങൾക്ക് അവസരം നൽകാമായിരുന്നു. അതുകൊണ്ടുതന്നെ, കോബ്ര പരിശീലനകേന്ദ്രം സ്ഥാപിക്കാനുള്ള തീരുമാനത്തിലൂടെ, ഇത്തരം അനേകം സാധ്യതകളിൽ നിന്നും ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാനുള്ള ജനങ്ങളുടെ അവകാശങ്ങളാണ് ബലികഴിക്കപ്പെട്ടത്.

അതായത്, സൈനിക പരിശീലന കേന്ദ്രത്തിന്റെ സാഹചര്യ വില എന്നത്, ഒരു സാംസ്കാരിക സർവകലാശാലയോ, കാർഷിക ഗവേഷണ സ്ഥാപനമോ, കൂട്ടുകൃഷിക്കളമോ, ഒരു കായിക പരിശീലനകേന്ദ്രമോ ആണ്. എന്തുതന്നെയായാലും, ഇവയിൽ ഏതെങ്കിലും ഒന്ന് മാത്രമേ സ്ഥാപിക്കാനാവുമായിരുന്നുള്ളൂ. ഇപ്പോഴെടുത്ത തീരുമാനത്തിൽ നിന്നും പിൻവാങ്ങുകയും ഒരു പുനർവിചിന്തനത്തിന് അധികാരികൾ തയ്യാറാവുകയും ചെയ്താൽ, ഇപ്പോൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സൈനിക പരിശീലന കേന്ദ്രത്തേക്കാൾ, ഇത്തരത്തിലുള്ള ഒഴിവാക്കപ്പെട്ട സാധ്യതകൾ തദ്ദേശീയരായ ജനങ്ങൾക്ക് കൂടുതൽ അഭികാമ്യമായി തോന്നുമായിരുന്നു എന്ന് അവർക്ക് തന്നെ ബോധ്യപ്പെടും.

മറ്റൊരു തരംഗദൈർഘ്യത്തിലാണ് അധികാരികൾ ചിന്തിക്കുന്നത്. ആദ്യം ചെയ്യേണ്ടവ ആദ്യം ചെയ്യണം: അവർ വാദിക്കും. ഈ സാഹചര്യത്തിൽ, ലാൽഗഢിൽ ഏറ്റവും പ്രധാനമായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്, നിയമവാഴ്ച പുനഃസ്ഥാപിക്കുന്നതിലാണ്, അവർ വാദിക്കും. നിയമവാഴ്ചയുടെ അഭാവത്തിൽ, വികസനമോ, കൃഷി-വ്യവസായങ്ങളോ, കലയുടെ പൊട്ടിവിടരലോ, കായികതയുടെ പ്രകാശനങ്ങളോ സാധ്യമാവുകയില്ല, അവർ പറയും. മാവോവാദികളുടെ അതിക്രമങ്ങൾ ഇല്ലായ്മ ചെയ്യലാണ് പരിഗണിക്കപ്പെടേണ്ട ആദ്യ വിഷയം. ഈ അടിയന്തര സാഹചര്യങ്ങളെ തരണം ചെയ്യുന്നതിനുള്ള ഏറ്റവും ഉപകാരപ്രദമായ കാര്യമാണ് കോബ്രാ പരിശീലന കേന്ദ്രം. ഇത്തരം ഒരു കേന്ദ്രം സ്ഥാപിക്കപ്പെടുന്നതോടെ ലാൽഗഢ് ദേശീയ പ്രാധാന്യം നേടും. ഏറ്റവും ചുരുങ്ങിയത് അധികാരികൾ അങ്ങനെ വിശ്വസിക്കുന്നു.

## നിയമവാഴ്ച ഉറപ്പിക്കാൻ

സംസ്ഥാന പൊലീസും കേന്ദ്ര കരുതൽ പൊലീസ് സേനയും സംയുക്തമായി ആരംഭിച്ചിരിക്കുന്ന തിരച്ചിൽ, ഇപ്പോൾ തന്നെ സക്രിയമാണ്. സൈന്യത്തിന്റെ ഒരു ഭാഗമായ കോബ്രാ പരിശീലനകേന്ദ്രം, ഇപ്പോൾ തന്നെ സജീവമായി നടക്കുന്ന കേന്ദ്രീകൃത പ്രവർത്തനങ്ങളെ സമന്വയിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകാൻ ബാധ്യസ്ഥമാകും. പരിശീലനകേന്ദ്രത്തിലൂടെ വിഭവങ്ങൾ സ്വരൂപിക്കാൻ അവർക്ക് സാധിക്കണം. ഉദാഹരണത്തിന്, യുദ്ധ

തന്ത്രങ്ങൾ തുടർച്ചയായി ആവിഷ്കരിക്കാനും ഭീകരവാദ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള സജ്ജീകരണങ്ങൾ നടത്തുന്നതിനും അങ്ങനെ കൂട്ടായ തിരച്ചിൽ നടപടികളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനും സാഹചര്യമൊരുങ്ങും. സൈനിക പരിശീലനകേന്ദ്രം പൂർണ്ണമായി പ്രവർത്തനക്ഷമമായാൽ, ലാൽഗഢിലെ പ്രശ്നങ്ങളിൽ സൈന്യം വളരെ സൂക്ഷ്മമായി ശ്രദ്ധ പുലർത്തിയേക്കും എന്ന ഒരു ചിന്തയും ഇത്തരം ഒരു സ്ഥാപനം തുറക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുമ്പോൾ അധികാരികളുടെ ഉള്ളിൽ ഉണ്ടായിരിക്കണം. തങ്ങൾക്കു ചുറ്റുമുള്ള ഏറ്റവും ശക്തമായ സാന്നിധ്യം മാവോവാദികളുടേത് മാത്രമല്ല എന്നും കോബ്രാ പരിശീലനകേന്ദ്രം സ്ഥാപിക്കുക വഴി, ഈ പ്രദേശത്തു സമാധാനം പുനഃസ്ഥാപിക്കുന്നതിൽ കേന്ദ്രസർക്കാരിനുള്ള പ്രത്യേക താല്പര്യത്തിന്റെ ശക്തമായ തെളിവായി പ്രദേശത്തെ ജനങ്ങൾക്ക് ബോധ്യപ്പെടുമെന്ന വാദം ഉയർന്നിട്ടുണ്ട്.

ലാൽഗഢിനെ നിലവിലുള്ള സ്ഥിതിയിൽ വിടുകയില്ല എന്ന കേന്ദ്ര സർക്കാരിന്റെ തീരുമാനത്തെക്കുറിച്ച് ഒരിക്കൽ ജനങ്ങൾക്കു ബോധ്യപ്പെട്ടാൽ, മാവോവാദികൾക്ക് അനുകൂലമായി ജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള നിലപാടുകളിൽ മാറ്റം ഉണ്ടാവുകയും യഥാർത്ഥത്തിൽ അവർ നിലനിന്നിരുന്ന ഇടങ്ങളിലേക്ക് തിരിച്ചുപോകാൻ വഴിയൊരുങ്ങുകയും ചെയ്യും. സംസ്ഥാന ഭരണത്തിന്റെ സാങ്കല്പിക തലവനായി, ഒരു ഉന്നതനായ പൊലീസ് ഉദ്യോഗസ്ഥനെ പ്രതിഷ്ഠിക്കുക, മാവോവാദികളുടെ ഭീകരത അടിച്ചമർത്തേണ്ടതിന്റെയും കോബ്ര പരിശീലനകേന്ദ്രം അതിനായി ഈ പ്രദേശത്തു സ്ഥാപിക്കേണ്ടതിന്റെയും ആവശ്യകതയെ കുറിച്ച് പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തരമന്ത്രിയും നടത്തുന്ന പ്രസ്താവനകൾ; എല്ലാം ചേർത്തു വായിക്കുമ്പോൾ, ഈ പ്രദേശത്തു നിയമവാഴ്ച ഉറപ്പിക്കാനുള്ള പുതിയ തീരുമാനത്തിന്റെ സൂചനകൾ ലഭിക്കുന്നുണ്ട്. മെരുക്കമില്ലാത്ത മാവോവാദികൾക്കെതിരെ വളരെ വിപുലമായ ആക്രമണങ്ങൾ അണിയറയിൽ ഒരുങ്ങുന്നുണ്ട്.

എന്നിരുന്നാലും, ഈ ചിത്രത്തിനൊരു മറുപുറം ഇല്ലേ? സാധാരണ ജനങ്ങളെ കൈകാര്യം ചെയ്യുന്ന അവസരത്തിൽ ഏറ്റവും ഹീനമായ രീതികൾ അവലംബിക്കുന്നവരാണ്, സൈനികരും പൊലീസുകാരും. മുകളിൽ നിന്നുള്ള താക്കീതുകളും മുന്നറിയിപ്പുകളും ഇവിടെ ഒട്ടും സഹായകരമാവുകയില്ല. നിയമപാലനത്തിനായി, അതിന്റെ സാന്നിധ്യത്തിനുള്ള കാരണങ്ങൾ എന്തുമാകട്ടെ, സൈന്യത്തിന്റെയും പൊലീസിന്റെയും സാമീപ്യം തദ്ദേശീയരിൽ ഇവയോടുള്ള വൈരാഗ്യം നുരയ്ക്കാൻ കാരണമാകും.

## അരാജകവാദികൾക്കെതിരേ പൊലീസ് വേട്ട

സംസ്ഥാന കേന്ദ്ര സർക്കാർ അവയുടെ പ്രവർത്തനങ്ങളുടെ ആക്കം വർദ്ധിപ്പിക്കുമ്പോൾ, മാവോവാദികളിൽ ഗറില്ലാ തന്ത്രത്തിൽ പ്രാവീണ്യം സിദ്ധിച്ച കുറേപേർ, കാടുകളിലേക്കും താഴ്‌വാരങ്ങളിലേക്കും കുടിയേറും. ഈ സാഹചര്യത്തിൽ, സൈനിക വിഭാഗങ്ങളുടെ കോപത്തിനിരയാവുക മാവോവാദികളാൽ തിരസ്കൃതരായ നിസ്സഹായരും നിഷ്കളങ്കരുമായ ഗ്രാമീണരാവും. അപ്പോൾ സംഭവങ്ങളുടെ ഗതികൾക്ക് വ്യത്യസ്തമായ ചില മാനങ്ങൾ കൈവരും. ഈ സാഹചര്യത്തിൽ, കഴിഞ്ഞ നൂറ്റാണ്ടിലെ മൂന്നും നാലും ദശകങ്ങളിൽ ബംഗാളിൽ തന്നെ എന്താണ് സംഭവിച്ചത് എന്ന് പരിശോധിക്കുന്നത്, അപ്രസക്തമാവുകയില്ല.

ഏതാണ്ട്, 1930-കളുടെ തുടക്കത്തിൽ, സായുധരായ വിപ്ലവകാരികളുടെ സംഘങ്ങൾ ഭീകരത അഴിച്ചുവിട്ട ഏറ്റവും പ്രധാനപ്പെട്ട സ്ഥലമാണ് കൽക്കത്ത. അവരെ 'അരാജകവാദികൾ' എന്നാണു ഭരണാധികാരികൾ പലപ്പോഴും വിളിച്ചിരുന്നത്. ബംഗാളിലെ എല്ലാ ജില്ലകളിലും അവരുടെ പ്രവർത്തനം വ്യാപിച്ചിരുന്നു. പൊലീസ് കമ്മീഷണറായിരുന്ന, ചാൾസ് ടെഗർറ്റിന്റെ നേതൃത്വത്തിൽ, അധികാരികൾ ഇക്കൂട്ടരെ വേട്ടയാടാൻ സർവസന്നാഹങ്ങളുമായിറങ്ങി. പൊലീസ് ബന്ദവസ്ത് സർവവ്യാപിയും കരുണാഹീനവും ആയിരുന്നു. സാമ്രാജ്യത്വശക്തിയെക്കുറിച്ചുള്ള സൈനിക പ്രകടനങ്ങളും നിരന്തരമായി ഉണ്ടായിരുന്നു. ഉറക്കം ഭേദിച്ചുള്ള പാതിരാ പരിശോധനകളും, വിപ്ലവ സംഘടനകളുമായി ബന്ധം ആരോപിച്ചു യുവാക്കളെ തടവിലാക്കുന്നതും, സാധാരണമായിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ വളരുന്നവരും അത്യന്തം പ്രതികരണശേഷിയുള്ളവരുമായ കുട്ടികൾ, ക്രൂരരും അടിച്ചമർത്തുന്നവരുമായ വൈദേശിക യജമാനന്മാരുടെ പ്രതീകങ്ങളായി പൊലീസുകാരെയും സൈനികരേയും കാണാൻ തുടങ്ങുകയും വെറുക്കുകയും ചെയ്യും. ഇത്തരം പ്രവർത്തനങ്ങൾക്കിടയിൽ, പൊലീസ് വേട്ടയാടിക്കൊണ്ടിരുന്ന കലാപകാരികൾ, ബംഗാളി യുവാക്കൾക്കിടയിൽ നായകന്മാരും ആദർശ പ്രതീകങ്ങളുമായിത്തീർന്നു. ഭീകരരെന്നോ അരാജകവാദികൾ എന്നോ പറയപ്പെട്ടിരുന്നവർ പൊലീസുകാരാൽ കൊല്ലപ്പെട്ടു. ചിലരെ പിടികൂടി, ചെറിയ ശിക്ഷ നൽകുകയോ, ജയിലുകളിലേക്കു ദീർഘതടവിനായി അയയ്ക്കുകയോ ചെയ്തു. അവശേഷിച്ച വിപ്ലവകാരികളിൽ ഭൂരിഭാഗവും തടവറയിൽനിന്ന് മുക്തരായപ്പോൾ, ഇടതു രാഷ്ട്രീയ വേദികളിൽ സജീവമായി. അവരിൽ പലരും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേക്കേറി. ബാക്കിയുള്ളവർ ഫോർവേഡ് ബ്ളോക്ക്, ആർ.എസ്.പി., വിപ്ലവ കമ്മ്യൂണിസ്റ്റ് പാർട്ടി അഥവാ റോയിസ്റ്റ് പാർട്ടി തുടങ്ങിയവയിൽ അംഗങ്ങളായി. ആ ഘട്ടത്തിൽ ബംഗാളി മധ്യവർഗം, ഇടതു രാഷ്ട്രീയവുമായി ഗാഢബന്ധം സ്ഥാപിച്ചെടുത്തു എന്നത് ഒട്ടും അദ്ഭുതകരമല്ല.

എട്ട് പതിറ്റാണ്ടുകൾക്ക് മുൻപ്, ബംഗാളി മധ്യവർഗ്ഗ കുടുംബങ്ങളിലെ കുട്ടികൾക്കുണ്ടായ മാനസികാവസ്ഥയ്ക്ക് തുല്യമായ മനോനില, പശ്ചിമ ബംഗാളിലെ ജംഗൽ മഹലിലെ ആദിവാസി കുടുംബങ്ങളിലെ യുവാക്കൾ സ്വാംശീകരിക്കുകയില്ല എന്നതിന് എന്തുറപ്പാണുള്ളത്? അവരുടെ അനുഭവങ്ങൾ, വേട്ടക്കാർക്കൊപ്പം ആവുകയില്ല എന്നും അതു, വേട്ടയാടപ്പെട്ടവർക്കൊപ്പം ആയിരിക്കും എന്നും ഏതാണ്ട് ഉറപ്പിക്കാം. അതങ്ങനെ മാത്രമേ ആകൂ. കാരണം, ഇതിൽ വേട്ടയാടപ്പെടുന്നവർ, അവരുടെ തന്നെ രക്തബന്ധുക്കളാണ്. ഇത്തരം ഒരു സാഹചര്യത്തിൽ, 'മെരുക്കിയെടുക്കൽ ആദ്യം, മറ്റുകാര്യങ്ങൾ തൽക്കാലം നിൽക്കട്ടെ' എന്ന മുദ്രാവാക്യത്തിൽ തറഞ്ഞു നിൽക്കുന്നതിന്റെയും മറ്റേതെങ്കിലും തരത്തിലുള്ള അനുനയ ശ്രമങ്ങൾ ഉൾക്കൊള്ളാൻ വിസമ്മതിക്കുന്നതിന്റെയും ഭവിഷ്യത്തുകൾ വിഭാവനം ചെയ്യാനാവുന്നതിനേക്കാൾ ഭീകരമായിരിക്കും.